
# കനവ്



മാഗസിൻ ' 18–19

ഗവ : ഹയർ സെക്കണ്ടറി സ്ക്രൂൾ , കായണ്ണ

## സമർപ്പണം

ആകാശം കടലായ്
പെയ്തിറങ്ങിയപ്പോൾ
പ്രളയത്തിന്റെ കണ്ണീരേറ്റു വാങ്ങി
ജീവിതത്തിൽ നിന്ന്
മരണത്തിലേക്ക് നടന്നു പോയ
പ്രിയപ്പെട്ടവരുടെ ഓർമ്മയ്ക്ക് മുന്നിൽ
**കനവ്** സമർപ്പിക്കുന്നു...

–എഡിറ്റർ




ചീഫ് എഡിറ്റർ

**പുഷ്പലത.ഇ**

എഡിറ്റർ

**ശ്രീജേഷ് പി എം**

അസോസിയേറ്റ് എഡിറ്റർ

**ജയേഷ് ജോയ്**

അസോസിയേറ്റ് അംഗങ്ങൾ

**അശ്വിനി**

**റിൻസി**

**നന്ദന**

**അഭിനവ്**

**തീർത്ഥ സുനിൽ**

വര

**അഭിനവ്**

# മുഖമൊഴി

ശരികളേക്കാൾ
തെറ്റുകളുണ്ടാവാം.
എങ്കിലും കണ്ണിചേരാൻ
കഴിഞ്ഞു എന്നതിൽ
ഞങ്ങൾ അഭിമാനിക്കുന്നു.
KITE -ന്റെ ഒപ്പം
അക്ഷരത്തിന്റെ വിളക്കേന്താൻ
സഹായിച്ചവർ
ഏറെയാണ്.
അവരുടെയെല്ലാം
ആത്മാർപ്പണത്തിന്റെ
പ്രകാശം ഇതിനകത്തുണ്ട്.
പതിരുകൾ മാറ്റി
കതിരുകൾ
സ്വീകരിക്കുമെന്ന
പ്രതീക്ഷയോടെ

എഡിറ്റർ
കനവ്



ഹെഡ്മിസ്ട്രസ്സ്
ജി.എച്ച്.എസ്.എസ്.കായണ്ണ


## <u>സന്ദേശം</u>

കായണ്ണ ഗവ:ഹയർ സെക്കണ്ടറി സ്ക്രൂളിലെ KITE -ന്റ നേതൃത്വത്തിൽ കനവ് എന്ന മാഗസിൻ തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ സന്തോഷിക്കുന്നു. ഈ സംരംഭത്തിന് എല്ലാ വിജയവും ആശംസിക്കുന്നു.

പുഷ്പലത ഇ

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

PRESENTS



## ഉള്ളടക്കം

മയിൽപ്പീലി....4
-തീർത്ഥ....4
ഓർമകൾ നുകരുന്ന യാത്ര....5
-ഹിബാ ഫാത്തിമ....5
ഒരുപിടി നല്ല ഓർമകൾ....6
-അർപ്പണ സത്യൻ....6
ചിത്രം1....7
-അഭിനവ്....7
എന്റെ കഥയിലൂടെ ഒരു എത്തിനോട്ടം....8
-ഹസ്ന.പി.ടി....8
കൃഷിയുമായി ബന്ധപ്പെട്ട പഴഞ്ചൊല്ലുകൾ....9
-അന്ന പ്രഭാകരൻ....9
ചിത്രം 2....10
-അഭിനവ്....10
ഒരുപിടി നല്ല ഓർമകൾ....11
-അർപ്പണ സത്യൻ....11
കലാകാരി....12
-അവന്തിക....12
കണ്ണാന്തളിപ്പൂക്കളുടെ കാലം....13
-ശ്രീനിത്യ.എം.കെ....13
ചിത്രം 3....15
-അഭിനവ്....15
വിധി......!!....16
-അശ്വനി കെ.കെ....16
മലയാള ഭാഷയുടെ പ്രസക്തി....17
-റിൻസി....17
കലാപം....18
അനുദേവ്....18
ചിത്രം 4....19
-അഭിനവ്....19
മഹത് വചനങ്ങൾ....20
-ആദിത്യ....20
ഒരു ദുരന്ത ഗീതം -അമൽ കെ.കെ....21
കുട്ടികളുടെ ഭാവനയിൽ കേരളം....22
-അൽക്ക-കരുൺ....22
ചിത്രം5....25
-അഭിനവ്....25
വിദ്യാലയത്തിന്റെ ചരിത്രവും വർത്തമാനവും....26
ഓണം പിന്നിട്ട വഴികൾ....29

ചിത്രം 6.....30
-അഭിനവ്.....30
മഴ.....31
നല്ലവനായ കുട്ടി.....32
ചിത്രം 7.....33
-അഭിനവ്.....33
ജിയോജിബ്ര.....34

## മയിൽപ്പീലി

-തീർത്ഥ

വർണ്ണശബളമാം ഓർമകളേറെ ഞാൻ-
പുസ്തകത്താളുകൾക്കിടയിലൊളിപ്പിച്ചു.
ഓർമകൾ ഇരട്ടപെറുമെന്ന്-
സ്വപ്നങ്ങൾ നെയ്തു.
അവയാകാശം കാട്ടാതെ,യെൻ ക്രൂടെ വച്ചു.
കാലം പ്രകാശവേഗത്തിൽ കടന്നുപോയപ്പോൾ,
ഓർമകളേറെ ഞാൻ ശേഖരിച്ചു.
ഓർമകൾ കണ്ണിറുക്കിച്ചിരിക്കുന്നതായി,
സ്വപ്നശതങ്ങൾതൻ ഗോപുരങ്ങൾ തീർത്തു
പക്ഷേ,
ഓർമകൾ നിധിപോലെ കാത്തുവച്ച-
പുസ്തകത്താളു ചിതലരിച്ചുവെന്ന
സത്യമെന്നെ വിറങ്ങലിപ്പിച്ചു.
ഇരുളിലൊളിപ്പിച്ച സ്വപ്നശതങ്ങൾ-
ലക്ഷ്യമില്ലാതെ പറന്നകന്നു.

# ഓർമകൾ നുകരുന്ന യാത്ര

-ഹിബാ ഫാത്തിമ

രാവിലെയായിരുന്നു ഞങ്ങളുടെ യാത്ര.ഞങ്ങൾ കുടുംബസമേതം ആണ് പോയത്.യാത്ര വയനാട്ടിലേക്കായിരുന്നു.എന്നെ സംബന്ധിച്ചിടത്തോളം യാത്ര വലിയ ഇഷ്ടമൊന്നുമല്ല.രാവിലെ എന്നു പറഞ്ഞാൽ 8 മണി ആയിട്ടുണ്ട്. ഏകദേശം 10:30 ആകുമ്പോഴേക്കും ഞങ്ങൾ അവിടെ എത്തി.വയനാട്ടിലേക്കുള്ള ചുരം കാണാൻ എനിക്ക് വളരെ ഇഷ്ടമായിരുന്നു.അങ്ങനെ ഞങ്ങൾ ചുരം കയറി.അപ്പോൾ അവിടത്തെ മനോഹാരിത കണ്ട് കുറേ നേരം നോക്കിപ്പോയി.അങ്ങനെ ഏകദേശം ചുരത്തിന്റെ സെന്ററിൽ എത്തിയപ്പോൾ അവിടെ വണ്ടി പാർക്ക് ചെയ്തു. ഞങ്ങൾ അവിടെ നിന്ന് ഫോട്ടോ എടുത്തു.വയനാട്ടിൽ പോയാൽ അധി-കവും ചുരത്തിൽ കാണാൻ കഴിയുന്ന ജീവിയാണ് കുരങ്ങൻ.അതിനെയും ഞങ്ങൾ അവിടെ കണ്ടു.അവിടെ നിന്ന് എനിക്ക് ഒരു മിഠായി വാങ്ങി-ത്തന്നിരുന്നു.പിന്നെ ഞങ്ങൾ തിരിച്ച് കാറിൽ കയറി.ഞാൻ മിഠായി തിന്നാൻ നോക്കുമ്പോൾ അത് കുരങ്ങൻ തട്ടിപ്പറിച്ചു.ഞാൻ നിലവിളിച്ചു. ഞങ്ങൾ വീണ്ടും യാത്ര തുടർന്നു.ഞങ്ങൾ വയനാട്ടിലെ പല സ്ഥലങ്ങളി-ലേക്കും പോയി.പ്രത്യേകിച്ച് പൂക്കോട് തടാകം.അവിടെ നിന്ന് ഞങ്ങ-ൾ ബോട്ടിൽ കയറി.വളരെ നല്ല അനുഭവങ്ങൾ അവിടെയും എന്നെ കാത്തിരുന്നു.രാത്രി 8 മണിയോടെയാണ് ഞങ്ങൾ വീട്ടിൽ തിരിച്ച് എത്തിയത്. എനിക്ക് മറക്കാൻ പറ്റാത്ത നല്ല ഒരുപാട് അനുഭവങ്ങൾ ഈ യാത്ര സമ്മാനിച്ചു.

# ഒരുപിടി നല്ല ഓർമകൾ


**-അർപ്പണ**

**സത്യൻ**

മാട്ടനോട് എ.യു.പി സ്ക്കുളിൽ വച്ച് 7-ാം ക്ലാസിൽ പഠിക്കുമ്പോൾ തിരുവനന്തപുരം കന്യാകുമാരിക്ക് ഞങ്ങൾ ഒരു യാത്ര പോയി.വളരെ സന്തോഷകരമായ ഒരു യാത്രയായിരുന്നു അത്.രാത്രിയിലെ യാത്രയായതു കാരണം പുറമെയുള്ള  കാഴ്ചകൾ കാണാൻ കഴിഞ്ഞില്ല.പിറ്റേന്ന് കാലത്ത് ഞങ്ങൾ തിരുവനന്തപുരത്തെത്തി.ദി ഭാരത് സ്കൗട്ട് ആൻഡ് ഗൈഡ്സിന്റെ കോട്ടേഴ്സിലായിരുന്നു
ഞങ്ങളുടെ താമസം.അവിടെ നിന്ന് ഫ്രഷായതിനു ശേഷം ഞങ്ങൾ ആദ്യം പുറപ്പെട്ടത് നിയമസഭാ മണ്ഡലത്തിലേക്കാണ്.അവിടെ നിന്ന് കാര്യങ്ങൾ മനസ്സിലാക്കിയതിനുശേഷം ഞങ്ങൾ ഇറങ്ങിയത് ശ്രീ പദ്മനാഭസ്വാമി ക്ഷേത്രത്തിലേക്കാണ്.അവിടെവച്ച് ശ്രീ മഹാവിഷ്ണുവിന്റെ വിഗ്രഹവും കണ്ട് അവിടെ നിന്നിറങ്ങി.
പിന്നെ അതിനടുത്തുള്ള രാജാവിന്റെ കൊട്ടാരം സന്ദർശിച്ച് തിരിച്ച് താമസസ്ഥലത്തെത്തിയതിനു ശേഷമാണ് ബീച്ചിലേക്കുള്ള യാത്ര തുടർന്നത്.ഞങ്ങൾ
തിരിച്ചെത്തുമ്പോഴേക്കും രാത്രിയായിരുന്നു.പിന്നെ രാവിലെ വേറെ ബീച്ചിൽ പോയി.അവിടെ നിന്ന് പ്രശസ്തമായ പള്ളിയിൽക്കയറി.പിന്നെ വിവേകാനന്ദപ്പാറ സന്ദർശിച്ചു.അവിടെ കുറേനേരം ചിലവഴിച്ച് ഞങ്ങൾ നാട്ടിലേക്ക് തിരിച്ചു. പിറ്റേ ദിവസം രാവിലെയാണ് നാട്ടിലെത്തിയത്.വളരെ രസകരമായ ഒരു യാത്രയായിരുന്നു ഇത്.

# ചിത്രം1

-അഭിനവ്



# എന്റെ കഥയിലൂടെ ഒരു എത്തിനോട്ടം

-ഹസ്ന.പി.ടി

എന്നെ ഏറെ സ്വാധീനിച്ച ഒരു കൃതിയാണ് മാധവിക്കുട്ടിയുടെആത്മകഥയായ 'എന്റെ കഥ'.

കാലം ജീനിയസ്സിന്റെ പദവിമുദ്രകൾ നൽകി അംഗീകരിച്ച മാധവിക്കുട്ടി സമകാലിക മൂല്യങ്ങൾക്ക് വിപരീതമായി സ്വയം നിർമ്മിച്ച എഴുത്തുകാരിയാണ്. 'എന്റെ കഥ' ഇതിനു തെളിവാണ്.ഇന്ത്യയിൽ മറ്റൊരു എഴുത്തുകാരിയും ഇങ്ങനെയൊരു സംഭാവന ആത്മക-ഥയുടെ രൂപത്തിൽ സാഹിത്യത്തിനു നൽകിയിട്ടില്ല.

നിരുപാധികമായ സ്വാതന്ത്ര്യത്തിന്റെ ബലി-ഷ്ഠ സൗന്ദര്യമാണ് ഈ കൃതി. ഹിമഭൂമികളുടെ അലസ-മായ സമാധാനം വെറുക്കുന്ന കഥാകാരിയാണ് 'എന്റെ കഥ'എഴുതിയ മാധവിക്കുട്ടി.എഴുതുമ്പോൾ അവർക്ക് ഭയത്തിന്റെ അർത്ഥം അറിഞ്ഞുകൂടാ. വിനാശത്തിന്റെ മുന്നേറ്റം പോലെ എഴുതാൻ പോലും അവർക്ക് കഴിയുന്നു. പ്രാർത്ഥനയുടെ അടിസ്ഥാന രൂപങ്ങൾ കൈകാര്യം ചെയ്യുന്നതുപോലെ ജീവിതത്തിലെ പല രഹസ്യഘട്ടങ്ങ-ളെയും അവർ വിശകലനം ചെയ്യുന്നു.

തന്റെ ജീവിതത്തിലെ ഓരോ പടവുകളും തനി പകർപ്പുപോലെ മാധവിക്കുട്ടി ഈ കൃതിയിൽ ആവിഷ്ക്ക-രിച്ചിരിക്കുന്നു.അതോടൊപ്പം ആത്മസുഖത്തിനുവേണ്ടി സ്വന്തം യാഥാർത്ഥ്യങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. ഈ കലാസൃഷ്ടി ഒരേ സമയം ആത്മകഥയും സ്വപ്നസാഹിത്യ-വുമാണ്.സ്നേഹത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും പുതിയ ആഖ്യാനങ്ങൾക്കു വേണ്ടിയുള്ള പരീക്ഷണം കൂടിയാണിത്. ഈ കൃതിയിലേക്ക് എന്നെ ആകർഷിച്ചത് മാധവിക്കുട്ടി എന്ന കലാകാരിയുടെ ജീവിതത്തിന്റെ ആവിഷ്കാരം സാ-ഹിത്യത്തിന്റെ ഭാഷയിലൂടെ അവതരിപ്പിച്ചതാണ്.


## കൃഷിയുമായി ബന്ധപ്പെട്ട പഴഞ്ചൊല്ലുകൾ

-അന്ന പ്രഭാകരൻ

- തൊണ്ണൂറു ചാലു പൂട്ടി വെണ്ണീറു വാരിയെറിഞ്ഞാൽ ഒന്നുക്കായിരം വിള.
- കണ്ടത്തിലെ പണിക്കു വരമ്പത്തു കൂലി.
- കതിരോൽ കൊണ്ടുപോയി വളം വയ്ക്കരുത്.
- കാലം നോക്കി കൃഷി,മേളം നോക്കി ചാട്ടം.
- മുണ്ടകൻ നട്ടു മുങ്ങണം,വിരിപ്പു നട്ടുണങ്ങണം.
- നെല്ലറ പൊന്നറ.
- ഞാറുറച്ചാൽ ചോറുറപ്പ്.
- ഇടവപ്പാതി കഴിഞ്ഞാൽ ഇടവഴിയിലും വെള്ളം.
- തുലാം പത്തു കഴിഞ്ഞാൽ പിലാപ്പൊത്തിലും പാർക്കാം.
- കുംഭത്തിൽ മഴ പെയ്താൽ കുപ്പയിലും മാണിക്യം.
- മകരത്തിൽ മഴ പെയ്താൽ മലയാളം മുടിയും.
- നിലമറിഞ്ഞു വിത്തിടണം.

# ചിത്രം 2

-അഭിനവ്



# ഒരുപിടി നല്ല ഓർമകൾ

-അർപ്പണ സത്യൻ

മാട്ടനോട് എ.യു.പി സ്ക്കൂളിൽ വച്ച് 7-ാം ക്ലാസിൽ പഠിക്കുമ്പോൾ തിരുവനന്തപുരം കന്യാകുമാരിക്ക് ഞങ്ങൾ ഒരു യാത്ര പോയി.വളരെ സന്തോഷകരമായ ഒരു യാത്രയായിരുന്നു അത്.രാത്രിയിലെ യാത്രയായതു കാരണം പുറമെയുള്ള കാഴ്ചകൾ കാണാൻ കഴിഞ്ഞില്ല.പിറ്റേന്ന് കാലത്ത് ഞങ്ങൾ തിരുവനന്ത-പുരത്തെത്തി.ദി ഭാരത് സ്കൗട്ട് ആൻഡ് ഗൈഡ്സിന്റെ കോട്ടേഴ്സിലായിരുന്നു
ഞങ്ങളുടെ താമസം.അവിടെ നിന്ന് ഫ്രഷായതിനു ശേഷം ഞങ്ങൾ ആദ്യം പുറപ്പെട്ടത് നിയമസഭാ മണ്ഡലത്തിലേക്കാണ്.അവിടെ നിന്ന് കാര്യങ്ങൾ മനസ്സിലാക്കിയതിനുശേഷം ഞങ്ങൾ ഇറങ്ങിയത് ശ്രീ പദ്മനാഭസ്വാമി ക്ഷേത്രത്തിലേക്കാണ്.അവിടെവച്ച് ശ്രീ മഹാവിഷ്ണുവിന്റെ വിഗ്രഹവും കണ്ട് അവിടെ നിന്നിറങ്ങി.
പിന്നെ അതിനടുത്തുള്ള രാജാവിന്റെ കൊട്ടാരം സന്ദർശിച്ച് തിരിച്ച് താമസസ്ഥലത്തെത്തിയതിനു ശേഷമാണ് ബീച്ചിലേക്കുള്ള യാത്ര തുടർന്നത്.ഞങ്ങൾ
തിരിച്ചെത്തുമ്പോഴേക്കും രാത്രിയായിരുന്നു.പിന്നെ രാവിലെ വേറെ ബീച്ചിൽ
പോയി.അവിടെ നിന്ന് പ്രശസ്തമായ പള്ളിയിൽക്കയറി.പിന്നെ വിവേകാനന്ദപ്പാറ സന്ദർശിച്ചു.അവിടെ കുറേനേരം ചിലവഴിച്ച് ഞങ്ങൾ നാട്ടിലേക്ക് തിരിച്ചു.
പിറ്റേ ദിവസം രാവിലെയാണ് നാട്ടിലെത്തിയത്.വളരെ രസകരമായ ഒരു യാത്രയായിരുന്നു ഇത്.

## കലാകാരി

-അവന്തിക

സൂചിമുഖിക്കുരുവി
നിൻ ചുണ്ടിൽ പകരാനായ്
പൂക്കളിൽ നറുതേൻ നിറച്ചതാര്?
നിന്റെ കരവിരുതിൽ വിരിഞ്ഞ പുഷ്പങ്ങൾക്ക്
നറുമണം പകർന്നതാര്?
സ്നേഹത്തിൽ നീ കൊത്തിയ പൂക്കൾക്ക്
ജീവൻ പകർന്നതാര്?
നീ തുന്നിയെടുത്തയീ പുഷ്പങ്ങളിൽ
വർണ്ണങ്ങൾ വാരിക്കുടഞ്ഞതാര്?
നിന്റെ കൊക്കിൻ മുനയാൽ നോവുകയില്ലേയി പൂവിന്
ഈ പൂന്നിതളു നിൻ ചിറകുപോലെ
ഈ നല്ല പുവിന്നാർദ്രത നിന്നോമനത്തം പോലെ
നീ ചിറകു വിരിച്ചാലീ പൂക്കൾ വിരിഞ്ഞപോലെ
സൂചിമുഖീ നീ തന്നെയേറ്റവും മികച്ച
കലാകാരിയുലകിൽ!

# കണ്ണാന്തളിപ്പൂക്കളുടെ കാലം

-ശ്രീനിത്യ.എം.കെ

എം.ടി എന്ന അനശ്വര സാഹിത്യകാരന്റെ കൃതികളിലൊന്നാണ് 'കണ്ണാന്തളിപ്പൂക്കളുടെ കാലം'.കേരളസാഹിത്യ അക്കാദമി അവാർഡ്, കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്,ജ്ഞാനപീഠം,വയലാർ അവാർഡ് തുടങ്ങിയ ബഹുമതികൾ എം.ടിയ്ക്ക് ലഭിച്ചിട്ടുണ്ട്.

പ്രത്യക്ഷമായോ പരോക്ഷമായോ ഗ്രാമവുമായി ബന്ധപ്പെട്ട് എം ടി എഴുതിയ ഉപന്യാസങ്ങളാണ് ' കണ്ണാന്തളിപ്പൂക്കളുടെ കാലം' എന്ന പുസ്തകത്തിലുള്ളത്.ആണ്ടറുതി,ബാല്യം,മഴ,പുഴ എന്നിങ്ങനെ പത്ത് ഭാഗങ്ങളിലായി 27 ലേഖനങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. യുദ്ധവും കലാപവും,മഹാമാരിയും പ്രകൃതിനാശവും ഈ ഭൂമുഖത്തു നിന്ന് ഒട്ടേറെ സംസ്കൃതികളെ തുടച്ചുമാറ്റി.എന്നാൽ ലാഭക്കൊതിപൂണ്ടൊരു സാമൂഹ്യവ്യവസ്ഥിതിയുടെ വരവോടെ സമൂഹങ്ങളും ഉന്മൂലനാശം ചെയ്യപ്പെട്ടു.കാലത്തിന്റെ പ്രയാണത്തിൽ നഷ്ടമാകുന്നത് പാരമ്പര്യസംസ്കൃതിയാണ്.ഈ സംസ്കൃതികളെക്കുറിച് ഉത്കണ്ഠപ്പെടുന്നൊരു എഴുത്തുകാരന്റെ ചിന്തകളാണ് ഈ സമാഹാരം പങ്കുവയ്ക്കുന്നത്.തനിക്ക് പ്രിയപ്പെട്ട

ഗ്രാമത്തെക്കുറിച്ചും ബാല്യം ചിലവഴിച്ച മഹാനിളയുടെ തീരങ്ങളെപ്പറ്റിയും

എം.ടി വേവലാതിപ്പെടുന്നു.കണ്ണാന്തളിപ്പൂക്കളുടെ കാലം മഹത്തായൊരോർമയും സ്വപ്നവുമാകുന്നു.എം.ടിയുടെ സ്വതസിദ്ധമായ ഭാഷയിലാണീ ലേഖനങ്ങൾ എഴുതിയിരിക്കുന്നത്.ഭൂമിയിൽ മാത്രമല്ല മനസ്സിൽ നിന്നുപോലും ഗ്രാമം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയും ആഗോളവത്കരണത്തെ മറയാക്കി നദികളെയും നാടിനെത്തന്നെയും ബഹുരാഷ്ട്രകമ്പനിക്ക് വിൽക്കുകയും,തങ്ങൾക്ക് അന്യാധീനമായ ഭൂമി തിരിച്ചുചോദിച്ച ആദിവാസികൾക്കുനേരെ വെടിയുണ്ട ഉതിർക്കുകയും ചെയ്യുന്ന കറുത്തവർത്തമാന കാലഘട്ടത്തിൽ ഈ ലേഖനങ്ങൾക്ക് ഏറെ പ്രസക്തിയുണ്ട്.

കയ്പുനിറഞ്ഞ ബാല്യത്തിന്റെ ഓർമകൾക്ക് സാന്ത്വനമേകാൻ കുന്നിൻപുറങ്ങളിൽ മുമ്പ് സമൃദ്ധമായി കണ്ണാന്തളിപ്പൂക്കൾ ഉണ്ടായിരുന്നു.ഇളംറോസ് നിറത്തിലുള്ള ആ പൂക്കളുടെ നിറവും ഗന്ധവും തന്നെയായിരുന്നു പുന്നെല്ലരിയുടെ ചോറിനും.ആണ്ടറുതിയിലെ കണ്ണാന്തളിപ്പൂക്കളുടെ കാലമെന്ന ഉപന്യാസത്തിൽ ഇപ്രകാരം പറയുന്നു.തനിക്കു നഷ്ട പ്പെട്ട നിറങ്ങളെയും ഗന്ധങ്ങളെയും വിസ്മയങ്ങളെയും ഓർത്ത് *ഗ്രന്ഥകർത്താവ് ദു:ഖിക്കുന്നു.*

## ഗണിത വചനങ്ങൾ

"ജ്യാമിതിയിലേക്ക് രാജപാതകളില്ല"

-യൂക്ലിഡ്

"എവിടെ ദ്രവ്യമുണ്ടോ അവിടെ ജ്യാമിതിയുണ്ട്"

-കെപ്ലർ

"എനിക്ക് നിൽക്കാൻ മറ്റൊരിടം തരു,ഒരു ഉത്തോലകവും ,ഞാനീ ഭൂമിയെ പൊക്കി മാറ്റാം"


-ആർക്കിമിഡീസ്

"ജ്യാമിതി അറിയാത്തവർ ഇവിടെ പ്രവേശിക്കരുത്"

-പ്ലാറ്റോ

# ചിത്രം 3

-അഭിനവ്



# വിധി......!!

-അശ്വനി കെ.കെ

അവൾ അന്ധയാണെങ്കിലും അവൾക്ക് അന്ധത ഒരിക്കലും അനുഭവപ്പെട്ടിരുന്നില്ല.കാരണം കുഞ്ഞുനാൾ മുതലേ അച്ഛന്റെയും അമ്മയുടെയും സ്നേഹംനൽകിയത്മുത്തശ്ശിയായിരുന്നു.അന്ധയാണെങ്കിലും ആ പ്രദേശത്തെ ഓരോ കാര്യവുംഅവൾക്കറിയാമായിരുന്നു. ആ പ്രദേശത്തുള്ള ഓരോ കാര്യങ്ങളും അവൾക്കറിയാമായിരുന്നു. ആ പ്രദേശത്ത് അവളെ ജീവനുതുല്യം സ്നേഹിക്കുന്ന ഒരാൾ കൂടിയുണ്ട്. പേര് രവി. മനസിനും മുഖത്തും സൗന്ദര്യമുള്ളവൻ. പക്ഷ രവി മനസിലുമുണ്ട് താൻ അനാഥനാണെന്ന തോന്നൽ. അങ്ങനെ രവിക്ക് അവളെ വിവാഹം കഴിച്ചുകൊടുക്കാൻ മുത്തശ്ശി തീരുമാനിച്ചു. അവരുടെ വിവാഹം കഴിഞ്ഞു. മുത്തശ്ശി അവളെ സഹായിച്ചതുപോലെ ഇന്നവളെ രവിയാണ് സഹായിക്കുന്നത്.

വർഷങ്ങൾ കഴിഞ്ഞു. അവർക്കിപ്പോൾ ഒരു മകനുണ്ട് ഉണ്ണിക്കുട്ടൻ. താൻ മുഖം കണ്ടിട്ടില്ലെങ്കിലും അവൾക്ക് വലിയ ഇ,ഷ്ടമായിരുന്ന്.പക്ഷേ *അവരുടെ സന്തോഷം കണ്ട് ദൈവത്തിനു പോലും അസൂയയുണ്ടായിരുന്നു. വിധി. അത് വീണ്ടും അവളെ തളർത്തി.*

## മലയാള ഭാഷയുടെ പ്രസക്തി

**-റിൻസി**

'ഭാഷ'മനുഷ്യന്റെ സാമൂഹിക ജീവിതത്തിന്റെ ഉൽപ്പന്നമാണ്.ഭാഷയ്ക്ക് മനുഷ്യജീവിതത്തിൽ വളരെ ഏറെ പ്രാധാന്യം ഉണ്ട്.അതോടൊപ്പം തന്നെയാണ് ഭാഷയുടെ പ്രസക്തിയും.ഭാഷയുചരിത്രം മനുഷ്യന്റെ സാമൂഹിക ജീവിതത്തിന്റെ ഉയർച്ചയും പുരോഗതിയുമാണ് അടയാളപ്പെടുത്തുന്നത്.ലോകത്ത് നൂറുകണക്കിന് ദേശീയ ഭാഷകളും ലക്ഷകണക്കിന് ഗോത്രഭാഷകളും-ഉണ്ട്(പ്രാദേശികം).പ്രാദേശിക ഗോത്രഭാഷകൾ ഒട്ടുമിക്കതും മാതൃഭാഷകളുമായി ബന്ധപ്പെട്ടതാണ്.മാതൃഭാഷയ്ക്ക് -മനുഷ്യജീവിതത്തിൽ വളരെ പ്രസക്തിയുണ്ട്.ഒരുകുട്ടി ഭാഷാ പഠനം ആരംഭിക്കേണ്ടത് മാതൃഭാഷയിലാണ്.കാരണം മനുഷ്യന്റെ ചിന്തകളും വികാരങ്ങളും അനുഭൂതികളും പച്ചയായി നിൽക്കുന്നത് മാതൃഭാഷയിലാണ്.മാതൃഭാഷയ്ക്ക് മാതാവിനും ഗുരുവിനും ഒപ്പം തന്നെയ പ്രസക്തിയുണ്ട്.അതുകൊണ്ടാണ് കവി ഇപ്രകാരം പറഞ്ഞത്

'മറ്റുള്ളഭാഷകൾ കേവലം ധാത്രിമാർ മർത്ത്യന്ന് പെ-റ്റമ്മതൻ ഭാഷതൻ.

ഭാഷ മനുഷ്യനുള്ളിലെ സ്വഭാവത്തെ വെളിപ്പെടുത്തുന്നു. *സംസ്കാരമുള്ള മനുഷ്യന്റെ മഹത്വത്തെ അത് തുറന്ന് കാണിക്കുന്നു.ഉദാഹരണത്തിനായി മഹാ എഴുത്തുകാരനായ'ലിയോടോൾസ്റ്റോയ്"*

# കലാപം


അനുദേവ്

കലാപത്തെ കുറിച്ചൊരു
കവിതയെഴുതണം
ആരും കേൾക്കാതെ
തനിച്ചിരുന്നതൊന്നു
താളത്തിൽ ചൊല്ലണം
പുസ്തകങ്ങൾക്കുള്ളിൽ
ഒളിപ്പിച്ച് വയ്ക്കണം
കാലങ്ങൾക്കിപ്പുറം
കവിതകളിൽ നിന്നും
*കലാപങ്ങൾപടരാതിരിക്കണം...*

********

# ചിത്രം 4

-അഭിനവ്



മഹത് വചനങ്ങൾ

-ആദിത്യ

മനസ്സിന്റെ ഔഷധമാണ് വായന

-എമേഴ്സൺ

ഞാൻവായിച്ചിട്ടില്ലാത്ത ഒരു പുസ്തകം എനിക്കു തരുന്ന വ്യക്തിയാണ് ഏറ്റവും നല്ല സുഹൃത്ത്.

-എബ്രഹാംലിങ്കൺ

മനുഷ്യന്റെ സകല കഴിവുകളുടെയും വികസനമാണ് വിദ്യഭ്യാസം .

ഗാന്ധിജി

കയ്യിൽ വെളിച്ചമുള്ളവർ അത് മറ്റുള്ളവർക്ക് പകരുന്നു

-പ്ലേറ്റോ

ഒരു നല്ല ഗ്രന്ഥശാല ഒരു യഥാർത്ഥസർവകലാശാല-ശാലയാണ്.

- *കാർലൈൻ*

# ഒരു ദുരന്ത ഗീതം

-അമൽ കെ.കെ

ഒരിക്കലും തുറക്കാത്ത സ്വർഗ-
ത്തിന്റെ വാതിൽ
ധ്യാനനിരതനായി കാത്തിരിക്കുന്നു
മനുഷ്യരെല്ലാം.
മനസ്സൊരു ശ്മശാനമായി
ചിരിക്കുമ്പോഴും അത്
മനസ്സിലാക്കിയാക്കി ചിരിക്കുമ്പോഴും
അത് സത്യപ്രതിക്കൂട്ടിൽ മിഥ്യം
ഒളിക്കുന്ന സത്യത്തിൽ
കുഴിമാടങ്ങൾ തേടി നടക്കുന്ന
*ഭ്രാന്തന്മാർ നമ്മൾ.......*

## കുട്ടികളുടെ ഭാവനയിൽ കേരളം

-അൽക്ക -കരുൺ

ഭാഷാടിസ്ഥാനത്തിൽ കേരള സംസ്ഥാനം രൂപീകരിച്ചിട്ട് അറുപത്തി രണ്ട് വർഷം പിന്നിടുന്നു.ഇന്നത്തെ കേരളത്തെ നാം പിന്നോട്ട് തിരിഞ്ഞു നോക്കിയെ പറ്റു............

തിരുകൊച്ചി, തിരുവിതാംകൂർ നാട്ടുരാജ്യങ്ങളും മദ്രാസ് പ്രവിശ്യയുടെ ഭാഗമായ മലബാറും കൂട്ടിയോജിപ്പിച്ചാണ് കേരളസംസ്ഥാനത്തിനു രൂപം കൊടുത്തത്. ഈകാലഘട്ടങ്ങളിൽ കേരളത്തിന്റെ പലഭാഗങ്ങളിലും ജന്മിത്തവും അതിന്റെ ഭാഗമായി അടിച്ചമർത്തലും ജാതീയതയും അയിത്തവും കൊടികുത്തിവാണിരുന്നു. നിരവതി അനാചാരങ്ങളും അക്കാലത്ത് പ്രാബല്യത്തിലായിരുന്നു.കേരളപിറവിക്കു മുമ്പുതന്നെ ഇത്തരം ആചാരങ്ങൾക്കെതിരെ ഇവിടത്തെ നവോത്ഥാന നായകൻമാർ ജനങ്ങളെ ബോധവൽക്കരിച്ചു കൊണ്ടിരുന്നു.

നവോത്ഥാന നായകരിൽ

ശ്രീനാരായണഗുരു,
അയ്യങ്കാളി
,ചട്ടമ്പിസ്വാമികൾ
,വാഗ്ഭടാനന്ദൻ,വൈകുണ്ഠസ്വാമികൾ
തുടങ്ങിയവർ സാമൂഹികവ്യവസ്ഥക്കെതിരെ
പോരാടി ഉഴുതുമറിച്ച കേരളസംസ്ഥാനത്തിൽ
1957-ൽ ഇ.എം.ശങ്കര നമ്പൂതിരി പാടിന്റെ
നേതൃത്വ
ത്തിൽ നിലവിൽ വന്ന കമ്മ്യൂണിസ്റ്റ്  മന്ത്രി സഭ
നവകേരള നിർമിതിയിൽ നേതൃത്വ പരമായ
പങ്കുവഹിച്ചു.
ജന്മിത്തം അവസാനിപ്പിക്കലും.വിദ്യഭ്യാസ
പരിഷ്ക്കരണവും ആധുനിക കേരളത്തിന്റെ
വഴികാട്ടിയായി.
ഇതിന്റെയൊക്കെഫലമായി ഇന്ത്യയിൽ മറ്റു
സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിന്
ഒരുമതേതര മതേതര മനസ്സു രൂപപ്പെട്ടു വന്നു
എന്നുള്ളത് ഒരു
പ്രധാന ഘടകമാണ്. എന്തെന്നാൽ പ്രളയ
ദുരിത കാലത്ത് ഒറ്റമനസായി നിന്ന കേരളം

എന്തെഇന്ന് ശബരിമല വിഷയത്തിൽ കലഹമുണ്ടാക്കുന്നു?.....

വിദ്യാർത്ഥികളായ ഞങ്ങളെ സംബന്ധിച്ച് ഭാവി കേരളത്തെപറ്റി ഞങ്ങളുടേതായ കാഴ്ച്ചപ്പാടുകളുണ്ട്.ഇവിടെ വിദ്യഭ്യാസം വാണിജ്യവൽക്കരിക്ക പെടുന്നതിൽ ഞങ്ങൾ ആശങ്കാകുലരാണ്.

വിദ്യഭ്യാസ സമ്പന്നമായ യുവതകൾക്ക് നമ്മുടെ നാട്ടിൽ തൊഴിൽ ചെയ്യുന്നതിന് സാഹചര്യം


ഉണ്ടാകണം.വിശ്വാസിക്കും അവിശ്വാസിക്കും ബ്രാമണനും  ദളിതനും തുല്യനീതി ലഭ്യമായിരിക്കുന്നതായിരിക്കണം നമ്മുടെ കേരളം.ഈശ്വരവിശ്വാസികളായ സ്ത്രീക്കും പുരുഷനും അവരുടെ

ആരാധനാ മൂർത്തിയെ ആരാധിക്കാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കണം.ഇതിൽ ഒരുവിഭാഗം മറ്റൊരു വിഭാഗത്തിൻ മേൽ അടിച്ചമർത്തലുകൾ ഉണ്ടാവാത്ത കേരളസമൂഹം വളർന്നു വരണം.

ഒരു ഐക്യ സുന്ദര സമത്വ കേരളം
അതായിരിക്കണം നമ്മുടെ ലക്ഷ്യം.
അതിനായിരിക്കണം നാം
ഉണർന്നു പ്രവർത്തിക്കേണ്ടത്
അനിവാ്യമാണ്....

# ചിത്രം5

-അഭിനവ്



## വിദ്യാലയത്തിന്റെ ചരിത്രവും വർത്തമാനവും

1982 ലാണ് ഹൈസ്ക്കൂളില്ലാത്ത പഞ്ചായത്തുകൾക്ക് സ്ക്കൂൾ അനുവദിക്കുക എന്ന നയത്തിന്റെ ഭാഗമായി കായണ്ണ പഞ്ചായത്തിൽ ഹൈസ്ക്കൂൾ തുടങ്ങാനുള്ള അനുമതി ലഭിച്ചത്.തുടർന്ന് സർവ്വശ്രീ എൻ പത്മനാഭൻ മാസ്റ്റർ, സി കെ ചാത്തുക്കുട്ടി,കെ ടി ജോസഫ് മാസ്റ്റർ,പിടികത്തറേമ്മൽ മൊയ്തീൻ ,പൊന്നെടുത്താൻ കുഴി ചാക്കോച്ചൻ,ലോനപ്പൻമാസ്റ്റർ,ചേയിക്കണ്ടി കണ്ണൻ,കൂടത്തുംപൊയിൽ കേളപ്പൻ,പി സി നാരായണൻ മാസ്റ്റർ, കെ കെ നാരായണൻ,പി സി കരുണാകരൻ മാസ്റ്റർ എന്നിവരടങ്ങുന്ന 11 അംഗകമ്മറ്റി രൂപീകരിച്ച് പ്രവർത്തനം തുടങ്ങുകയും ചെയ്തു.തുടക്കത്തിൽ മൊട്ടന്തറയിലെ വാടകകെട്ടിടത്തിലും,4 മാസത്തിനു ശേഷം പാറമുതുവിൽ സ്ഥലംവാങ്ങി നിർമ്മിച്ച കെട്ടിടത്തിലുമാണ് സ്ക്കൂൾ പ്രവർത്തിച്ചത്. സ്ക്കൂളിലെ ആദ്യത്തെ പ്രധാനാധ്യാപകനായി കെ കെ കുഞ്ഞിരാമൻമാസ്റ്റർ ചുമതലയേറ്റു.1987 ൽ സ്ക്കൂൾസർക്കാരിലേക്ക് വിട്ടു കൊടുക്കാൻ മാനേജ്മെന്റ്കമ്മറ്റി ഐക്യകണ്ഠേന തീരുമാനിക്കുകയും 1992 ൽ സയൻസ് ,ഹ്യൂമാനിറ്റീസ്, കൊമേഴ്സ് ബാച്ചുകളോടെ ഹയർ സെക്കൻഡറി വിഭാഗം ആരംഭിച്ചു.പിന്നീട് ജില്ലാപഞ്ചായത്തിന്റെയും മറ്റും സഹകരണത്തോടെ മികച്ച ഭൗതികസാഹചര്യമുള്ള സ്ക്കൂളായി മാറാൻ ഈ സ്ഥാപനത്തിനു കഴിഞ്ഞു.

ഭൗതികനേട്ടങ്ങൾക്കൊപ്പം വിദ്യഭ്യാസ രംഗത്തും വിപ്ലവകരമായ പുരോഗതിയാണ് കഴിഞ്ഞ കുറച്ചു വർഷങ്ങൾക്കിടയിൽ ഈ വിദ്യാലയം നേടിയെടുത്തത്. 2006-2007 വർഷത്തിലാണ്് വിദ്യാലയത്തിന്റെ രജതജൂബിലി ആഘോഷം ഒരു വർഷം മുഴുവൻ പ്രൗഢഗംഭീരമായ പരിപാടികളോടെ നടത്തിയത്. തുടർന്ന് 2008-2009 അധ്യയന വർഷത്തിൽ ദേശീയതലം വരെ ശ്രദ്ധ നേടി.ഒരു വർഷം നൂറ് പുസ്തകം എന്ന സർഗാത്മക പ്രവർത്തനത്തിലൂടെ ഈ സ്ഥാപനം വിദ്യഭ്യാസരംഗത്ത് ചരിത്രം സൃഷ്ടിച്ചു.

2009-2010 അധ്യയനവർഷത്തിൽ SSLC പരീക്ഷയിൽ താമരശ്ശേരി വിദ്യഭ്യാസ ജില്ലയിൽ 100% വിജയം നേടിയ ഏക സർക്കാർ വ്ദ്യാലയം എന്ന പ്രശസ്തി നേടുകയും അതേ വർഷം തന്നെ ഒരു കുട്ടിഒരു പുസ്തകം എന്ന സ്വപ്ന പദ്ധതിയുട ഭാഗമായി 500 പുസ്തകങ്ങൾ പുറത്തിറക്കി,യശ്ശസിന്റെ മറ്റൊരു സുവർണ്ണ ചരിത്രം കൂടി എഴുതിച്ചേർക്കുകയും ചെയ്തു. പ്രശസ്ത പുസ്തകങ്ങളുടെ പ്രകാശന കർമ്മം നടത്തിയ മലയാളത്തിന്റെ എഴുത്തുകാരൻ സുകുമാർ അഴീക്കോടിന്റെ വാക്കുകൾ സ്മരണീയമാണ്. "ഒരു ഗ്രാമീണ വിദ്യാലയത്തിലെ മുഴുവൻ കുട്ടികളുടെയും രചനകൾ 500 പുസ്തകങ്ങളായി പുറത്തിറങ്ങുക എന്നത് ഒരു ചരിത്ര സംഭവമാണ്.ആ ചരിത്ര സംഭവത്തിന്റെ പ്രകാശനം നടത്താൻ കഴിഞ്ഞു എന്നതാണ് എന്റെ ഭാഗ്യം. കേരളത്തിലെ മറ്റൊരെഴുത്തുകാരനും നേടാൻ

കഴിയാത്ത ഭാഗ്യമാണ്."

ഈ വാക്കുകളുടെ തുടിപ്പാണ് വിദ്യാലയത്തിന്റെ സർഗാത്മക പ്രവർത്തനത്തെ ഇപ്പോഴും പ്രചോദിപ്പിക്കുന്നത്.2009-2010 ലെ സംസ്ഥാനത്തെ മികച്ച വിദ്യഭ്യാസ പ്രവർത്തനമായി ഇത് അംഗീകരിക്കപ്പെട്ടു. തുടർന്നുള്ള വർഷങ്ങളിലെല്ലാം തന്നെ ഈ വിദ്യാലയം SSLC പരീക്ഷയിൽ ഉജ്ജ്വല വിജയം കരസ്ഥമാക്കി. കഴിഞ്ഞ വർഷം 2 വിദ്യാർത്ഥികൾ മുഴുവൻ വിഷയങ്ങൾക്കും A+നേടുകയും ചെയ്തു. പഠന സാഹചര്യങ്ങൾ കുറഞ്ഞ ഈ പ്രദേശത്തെ സാധാരണക്കാരുടെ കുട്ടികളാണ്ഈ വിജയത്തിന്റെ ശിൽപികളെന്നാണ് അഭിമാനകരമായ കാര്യം.വിദ്യാലയത്തിന്റെ മികച്ച മുന്നേറ്റത്തിന് സഹായകരമായ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളാണ് ഇപ്പോൾ നടത്തുന്നനത്.

അധ്യായന വർഷത്തിന്റെ തുടക്കം മുതൽ വിജയോത്സവപ്രവർത്തനങ്ങൾ ,S.R.J,J.R.C,S.I.T.C,ജാഗ്രതാസമിതി എന്നിവയുടെ പ്രവർത്തനങ്ങൾ എന്നിവയെല്ലാം തന്നെ നിദ്യാലയത്തിന്റെ  മികവിനെ ശക്തിപ്പെടുത്തുന്നു.5000-രത്തിലതികം പുസ്തകങ്ങളുടെ വിപുലമായ ലൈബ്രറി വിദ്യാർത്ഥികൾക്ക് ഒരു അനുഗ്രഹമാണ്. നവീകരണ സ്മാർട്ട്
ക്ലാസ്റൂം ,സൗകര്യപ്രദമായ it.ലാബ് എല്ലാ ക്ലാസ്മുറികളിലും

കുടിവെള്ള സംവിധാനം വൃത്തിയുള്ള ശൗചാലയങ്ങൾ
എല്ലാ
ക്ലാസ്മുറികളിലും സ്പീക്കർ സംവിധാനം , എല്ലാക്ലാസിലും
ലൈബ്രറി ഷെൽഫുകൾ,നവീകരണ കളിസ്ഥലം
ഇവയെല്ലാം
ഈ വിദ്യാലയത്തിന്റെ സമ്പത്തുകളാണ്. വരാനിരിക്കുന്ന
നാളുകളിലും വിജയത്തിന്റെ ചരിത്രഗാഥയ്ക്കായ്
രക്ഷിതാക്കളുടെയും കൂട്ടായപ്രയത്നം ഉണ്ടാകട്ടെ.

## ഓണം പിന്നിട്ട വഴികൾ

മലയാളിയുടെ സമൃദ്ധിയുടെയും ഐശ്വര്യത്തിന്റെയും ഉല്സവമായ ഓണാഘോഷം എന്നു തുടങ്ങിയെന്നതിനു വ്യക്തമായ തെളിവുകളില്ല . കൊല്ലവർഷം 36-ലെ എഡി 861 തിരുനാറ്റാശാസനത്തിലെ പരാമർശനനാണ് കിട്ടിയിട്ടുള്ളതിൽ ഏറ്റവും പ്രശസ്തം.

ത്രക്കാക്കര ക്ഷേത്രത്തിലെ കൊല്ലവർഷം 3ാം ശതകത്തിൽ ചേന്നൻ കേശവനെന്നൊരു ഭക്തൻ തിരുവില്ലാ ക്ഷേത്രത്തിലെ ഓണാഘോഷ ചെലവുനടത്തിയ തേവ എന്നിവയിലും ആഘോഷത്തെ സംബന്ധിച്ചും പരാമർശനമുണ്ട്.

എ.ഡി ഒന്നാം ശതകം മുതലുള്ള പല ശാസനങ്ങളിലും സൂചനകളുണ്ട്. ചന്ദ്രോൽസവം, ഉണ്ണും നീലി സന്ദേശം തുടങ്ങിയ ക്രതികളിലെല്ലാം ഭാണത്തെക്കുറിച്ച് പറയുന്നുണ്ട്. ഓണാഷോഷം ആരംഭിച്ചതിനെകുറിച്ചു പല വാദങ്ങളുണ്ട്. ചിലതു നോക്കൂ..... ബുദ്ധമത വിശ്വാസിയായിരുന്ന ഏതോ കേരള രാജാവിനെ ബഹിഷ്കരിച്ച് ആര്യമതം സ്ഥാപിച്ചതിന്റെ ഓർമ്മ കേരളത്തിന്റെ വിളവെടുപ്പ്


ഉൽസവത്തോടൊപ്പം  ആഘോഷിക്കുകയാണ്.
അങ്ങനെയാക്കാം ഓണാഘോഷത്തിന്റെ തുടക്കം. മലബാറിന്റെ തിരുവോണം  ആണ്ടുപിറപ്പിനെ  സൂചിപ്പിക്കുന്ന ആഘോഷമാണെന്നും പല പ്രമാണങ്ങളും, പല പ്രമാണങ്ങളിലും വർഷാവസാനം തിരുവോണത്തിന്റെ തലേനാളായി കാണുന്നുവെന്നും മലബാർ മാന്വലിൽ  വില്യം ലോഗർ അഭിപ്രായപ്പെടുന്നു.

*ചിങ്ങമാസത്തിലെ തിരുവോണനാളിലായിരുന്നാ ചേരവാൻ പെരുമാൾ മക്കയിലേക്കു യാത്രയായതെന്ന് ഒരു വിഭാഗം അഭിപ്രായപ്പെട്ടു.  ആ  നല്ല രാജാവിനോടുള്ള ഭാക്ത്യാദര സൂചനയാണ്  ആ ദിവസം പുതുവൽസരപ്പിറവിയായിട്ട്  ആഘോഷിക്കാൻ*

******

# ചിത്രം 6

-അഭിനവ്



# മഴ

തുള്ളിത്തുള്ളി  വരുന്നല്ലോ
തുള്ളിക്കൊരു  കുടം  പേമാരി,
മുറ്റം നിറയെ  കടലായ്..........
കുട്ടികൾ നൃത്തം  വെയ്ക്കുന്നു.

പൂക്കൾ കണ്ണു  തുറക്കുന്നു
പൂത്താലങ്ങൾ  നിരത്തിന്നു,
പുഞ്ചപ്പാടവരമ്പുകൾ പോലും
മൂക്കുറ്റിത്തിരി  നീട്ടുന്നു.

മഴയൊരു  കുളിരായ് തീരുന്നു
മനമൊരു കിളിയായ് മാറുന്നു,
മഴ മഴ പൂമഴ പനിനീർ പൂമഴ
*മലനാടഴകു ചുരത്തുന്നു.*


## നല്ലവനായ കുട്ടി

പണ്ട് പണ്ട് കിന്നരിപ്പുരം എന്ന ഗ്രാമമുണ്ടായിരുന്നു. ആ ഗ്രാമത്തിൽ പ്ലാസ്റ്റിക്ക് കൊണ്ട് നിറഞ്ഞിരുന്നു. അങ്ങനെ അവർ ഒരു തീരുമാനം എടുത്തു. ഗ്രാമത്തിലെ എല്ലാ പ്ലാസ്റ്റിക്കുകളും ആ ഗ്രാമത്തിലെത്തന്നെ സ്ക്കൂളിൽ വെച്ച് കത്തിക്കാനായിരുന്നു അവരുടെ തീരുമാനം.


എന്നാൽ ആ ഗ്രാമത്തിലെത്തന്നെ 8ാം ക്ലാസിൽ പഠിക്കുന്ന *ശരത്ത് എന്ന കുട്ടി ഈ തീരുമാനത്തിനോട് യോജിച്ചില്ല. അവൻ ആ നാട്ടിൽ കൂടി നിൽക്കുന്ന എല്ലാവരോടായ് പറഞ്ഞു. പ്ലാസ്റ്റിക്ക് കത്തിച്ചാൽ അന്തരീക്ഷത്തിൽ വിഷവാദകങ്ങൾ കലരുകയും അത് നമുക്ക് തന്നെ ദോഷം വരുകയും ചെയ്യുമെന്ന് അവൻ അവരെ പറഞ്ഞു മനസിലാക്കി. അതുകൊണ്ട് നമുക്കീ പ്ലാസ്റ്റിക്കുകളെല്ലാം കമ്പോസ്റ്റാക്കുകയും അത് നമ്മുടെ കൃഷികൾക്ക് വളമായി ഉപയോഗിക്കുകയും ചെയ്യാം. പിന്നീട് അവൻ ആ നാടിന്റെ അഭിമാനമായി മാറി.*

# ചിത്രം 7

-അഭിനവ്



ജിയോജിബ്ര



# ശ്രീനിവാസ രാമാനുജൻ



## RAMANUJAN'S MAGIC SQUARE

| | | | |
|---|---|---|---|
| 22 | 12 | 18 | 87 |
| [illegible] | 17 | 9 | 25 |
| 10 | 24 | 89 | [illegible] |
| 19 | 86 | 23 | 11 |

**Look at these possibilities. Sum of identical coloured boxes is also 139.**

*Interesting..?*

## ഹാർഡിയും ശ്രീനിവാസരാമാനുജനും





# ശുഭം